പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1243 — 02/03/2017-ൽ മറുപടിയ്ക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.എൻ.ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ് | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

അധ്യാപകരെ അധ്യാപനേതര ജോലികൾക്ക് നിയോഗിക്കൽ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരെ അധ്യാപനേതര പ്രവൃത്തികൾക്ക് നിയോഗിക്കാറുണ്ടോ; വ്യക്തമാക്കുമോ; | (എ) | വിദ്യാഭ്യാസ അവകാശനിയമം 2009, സെക്ഷൻ 27 പ്രകാരം ജനസംഖ്യാ കണക്കെടുപ്പ്, ദുരന്തനിവാരണ ചുമതലകൾ, തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചുമതലകൾ എന്നീ വിദ്യാഭ്യാസേതര പ്രവൃത്തികൾക്കു മാത്രമേ അധ്യാപകരെ നിയോഗിക്കാൻ പാടുള്ളൂ. |
| (ബി) | ഇപ്രകാരം അദ്ധ്യാപകർ ഇതരജോലികൾ ചെയ്യേണ്ടിവരുന്നതുമൂലം പൊതു വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് അധ്യയന നഷ്ടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | അധ്യാപകരെ, ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളിൽ അധ്യാപനേതര ജോലികൾക്കു നിയോഗിക്കുന്നതുമൂലം വിദ്യാർത്ഥികൾക്ക് അധ്യയന നഷ്ടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരുടെ സേവനം ഇക്കാര്യങ്ങളിൽ പ്രയോജനപ്പെടുത്തി അധ്യാപകർക്ക് വിദ്യാഭ്യാസപരമായ പ്രവൃത്തികളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുവാൻ ഉതകുന്ന തരത്തിൽ നിലവിലുള്ള സംവിധാനത്തെ ക്രമപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (സി) | ഇക്കാര്യം തല്ക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ